പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.93 26.02.2018-ൽ മറുപടിയ്ക്ക്

## ലൈറ്റ് മെട്രോ പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.കെ.മുരളീധരൻ**<br>**,, എം. വിൻസെന്റ്**<br>**,, വി.എസ്.ശിവകുമാർ**<br>**,, കെ.എസ്.ശബരീനാഥൻ** | **പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| (എ) കോഴിക്കോട്, തിരുവനന്തപുരം ലൈറ്റ് മെട്രോ പദ്ധതികൾ അനിശ്ചിതത്വത്തിലാണെന്നത് വസ്തുതയാണോ; | (എ) തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികൾ കേന്ദ്ര സർക്കാരിന്റെ പങ്കാളിത്തത്തോടുകൂടി വിഭാവനം ചെയ്ത പദ്ധതി ആയതിനാൽ പദ്ധതികൾക്ക് കേന്ദ്രാനുമതി ലഭ്യമായ ശേഷം നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്. |
| (ബി) പദ്ധതി അനിശ്ചിതമായി നീണ്ടു പോകുന്നതിനാൽ ഡി.എം. ആർ.സി യുടെ സേവനം ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട് അവർ അറിയിച്ചിട്ടുണ്ടോ; | (ബി) നിലവിലുള്ള ജോലികൾ പൂർത്തീകരിച്ച ശേഷം തുടർന്ന് ജോലികൾ ലഭ്യമായില്ലെങ്കിൽ തിരുവനന്തപുരത്തും കോഴികക്കോടും ഓഫീസ് നിലനിറുത്തുന്നതിനുള്ള ബുദ്ധിമുട്ട് ഡി.എം.ആർ.സി അറിയിച്ചിട്ടുണ്ട്. എന്നാൽ സർക്കാരിന് ഭരണ ഘടനാപരമായേ പ്രവർത്തിക്കാനാവൂ. |
| (സി) പ്രസ്തുതപദ്ധതികൾക്കായി ഡി.എം.ആർ.സി യെ ഏല്പിച്ച ജോലികളെല്ലാം അവർ പൂർത്തിയാക്കിയിട്ടുണ്ടോ; | (സി) ലൈറ്റ് മെട്രോ പദ്ധതികൾക്ക് മുന്നോടിയായുള്ള പ്രാരംഭ ജോലികൾക്കായി 20.01.2016 – ന് ഒപ്പ് വച്ച ഇടക്കാല കൺസൽറ്റൻസി കരാർ പ്രകാരം ഡി.എം.ആർ.സി - യെ ഏൽപ്പിച്ച താഴെ പറയുന്ന ജോലികൾ എല്ലാം പൂർത്തിയാക്കിയിട്ടുണ്ട്.<br>1. ലൈറ്റ് മെട്രോ സ്റ്റേഷനുകൾക്ക് ആവശ്യമായ സ്ഥലമെടുപ്പിനുള്ള വിശദവിവരങ്ങൾ തയ്യാറാക്കുക.<br>2. ലൈറ്റ് മെട്രോ പാതയിൽ ആവശ്യമായ മേൽപ്പാലങ്ങളുടെ രൂപരേഖയും എസ്റ്റിമേറ്റും, |

സ്ഥലമെടുപ്പിനാവശ്യമായ വിശദവിവരങ്ങളും തയ്യാറാക്കുക.

3. പൈപ്പുകളും കേബിളുകളും മാറ്റി സ്ഥാപിക്കാനുള്ള രൂപരേഖ തയ്യാറാക്കുക.

4. ലൈറ്റ് മെട്രോ കോച്ചുകളുടെ രൂപകല്പനയും, ദർഘാസ് ക്ഷണിക്കുന്നതിനാവശ്യമായ സാങ്കേതിക വിവരണങ്ങളും തയ്യാറാക്കുക.

5. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാക്കുന്നതിന് ആവശ്യമായ സാങ്കേതിക ഉപദേശം/വിവരങ്ങൾ ലഭ്യമാക്കുക.

(ഡി) കേന്ദ്രസർക്കാരിന്റെ പുതിയ മെട്രോ റെയിൽ നയത്തിന്റെ അടി സ്ഥാനത്തിൽ ലൈറ്റ് മെട്രോയുടെ രൂപരേഖ ഡി.എം.ആർ.സി പുതുക്കി നൽകിയിട്ടുണ്ടോ; പ്രസ്തുത രൂപ രേഖയ്ക്ക് സംസ്ഥാന സർക്കാരിന്റെ വിദഗ്ധ സമിതി അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തു കൊണ്ട് എന്ന് വിശദമാക്കാമോ;

(ഡി) കേന്ദ്ര സർക്കാരിന്റെ പുതിയ മെട്രോ റെയിൽ നയത്തിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ മാറ്റങ്ങൾ ഉൾക്കൊള്ളിച്ച് ലൈറ്റ് മെട്രോ പദ്ധതികളുടെ അനുബന്ധ രൂപരേഖ ഡി.എം.ആർ.സി സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത രൂപരേഖ പരിശോധിക്കുന്നതിനായി ബന്ധപ്പെട്ട വകുപ്പ് സെക്രട്ടറിമാരടങ്ങിയ സമിതിയെ ചുമതലപ്പെടുത്തുന്നതാണ്. പ്രസ്തുത രൂപരേഖയിലെ നിർദ്ദേശങ്ങൾ സംബന്ധിച്ച് ബന്ധപ്പെട്ട എല്ലാ വകുപ്പുകളുടെയും അഭിപ്രായം ആരാഞ്ഞതിനു ശേഷം പുതുക്കിയ രൂപരേഖയ്ക്ക് അംഗീകാരം നൽകുന്നതാണ്.

(ഇ) പുതിയ ഡി.പി.ആർ അനുസരിച്ച് ലൈറ്റ് മെട്രോയുടെ നടത്തിപ്പിൽ സ്വകാര്യ പങ്കാളിത്തം അനുവ ദനീയമാണോ; പുതിയ ഡി.പി. ആർ പ്രകാരം കോഴിക്കോട്, തിരു വനന്തപുരം ലൈറ്റ് മെട്രോ പദ്ധതികളുടെ ചെലവ് എത്ര

(ഇ) കേന്ദ്ര സർക്കാരിന്റെ പുതിയ മെട്രോ നയം, രാജ്യത്ത് പുതുതായി നടപ്പിലാക്കുന്ന എല്ലാ മെട്രോ പദ്ധതികളിലും ഒരു ചെറിയ അളവിലെങ്കിലും സ്വകാര്യ പങ്കാളിത്തം നിഷ്കർഷിക്കുന്നു. തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ പുതുക്കിയ ഡി.പി.ആറിൽ. പുതിയ മെട്രോ റെയിൽ നയപ്രകാരം ചില ഘടകങ്ങളിൽ

| | | | |
|---|---|---|---|
| | യാണ്; ആദ്യ ഡി.പി.ആറിനെ അപേക്ഷിച്ച് എന്ത് തുകയുടെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്; | | സ്വകാര്യ പങ്കാളിത്തം നിർദ്ദേശിച്ചിട്ടുണ്ട്. പുതുക്കിയ ഡി.പി.ആർ പ്രകാരം തിരുവനന്തപുരത്ത് 4673 കോടി രൂപയും, കോഴിക്കോട് 2773 കോടി രൂപയും ഉൾപ്പെടെ ആകെ 7446 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. ആദ്യ ഡി.പി.ആർ പ്രകാരം തിരുവനന്തപുരത്ത് 4219 കോടി രൂപയും, കോഴിക്കോട് 2509 കോടി രൂപയും ഉൾപ്പെടെ ആകെ 6728 കോടി രൂപയാണ് ചെലവ് കണക്കാക്കിയിരുന്നത്. ആദ്യ ഡി.പി.ആറിൽ കണക്കാക്കിയ തുകയിൽ നിന്നും 718 കോടി രൂപയുടെ വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്. |
| **(എഫ്)** | പുതുക്കിയ രൂപരേഖ അംഗീകരിച്ച് കേന്ദ്രസർക്കാരിന്റെ അനുമതിയ്ക്കായി അടിയന്തിരമായി സമർപ്പിക്കുമോ? | **(എഫ്)** | തിരുവനന്തപുരം, കോഴിക്കോട് ലൈറ്റ് മെട്രോ പദ്ധതികളുടെ പുതുക്കിയ രൂപരേഖ സംസ്ഥാന സർക്കാർ പരിശോധിച്ചു വരുകയാണ്. പ്രസ്തുത പരിശോധന സമയബന്ധിതമായി പൂർത്തിയാക്കിയ ശേഷം സംസ്ഥാന സർക്കാർ അംഗീകാരത്തോടെ കേന്ദ്രാനുമതിക്കായി എത്രയും പെട്ടെന്ന് സമർപ്പിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ